നമ്പർ. സി.പി(6)608/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 26.04.2014

Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

## സർക്കുലർ നമ്പർ. 18/2014

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ Western Union Money Transfer Services sâ Money Transfer സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 22.11.2010 ലെ സി.ആർ.പി. 4893/10 നമ്പർ കത്ത്.
2. സർക്കാരിന്റെ 05.09.2013 ലെ 13201/സി.1/2011/സഹ നമ്പർ കത്ത്.
3. പോൾമർച്ചന്റ്സ് ലിമിറ്റഡ് ന്റെ 02.01.2014 ലെ കത്ത്.

................

സംസ്ഥാനത്തെ സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ Western Union Money Transfer Services മായി സഹകരിച്ച് Money Transfer സംവിധാനം നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള നിർദ്ദേശം പരിശോധിക്കുകയും ടി Money Transfer സംവിധാനം വഴി വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന വേഗത്തിൽ പണമയക്കുന്നതിന് സാധിക്കുന്നതിലുപരി സർവ്വീസ് സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ഇടപാടുകളിൽ വർദ്ധനവ് ഉണ്ടാകുന്നതാണെന്നും കാണുന്നു. പല സാമ്പത്തിക സ്ഥാപനങ്ങളും, കെ.എസ്.എഫ്.ഇ (ലി). അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട് എന്നതിനാൽ Western Union Money Transfer Services മായി/മുഖ്യ ഏജന്റുമാർ മുഖേനയോ പണം ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നിയമാനുസൃതമായ നടപടി ക്രമങ്ങൾ പാലിച്ച് ചെയ്യാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

സാമ്പത്തിക ഭദ്രതയുള്ളതും സൂപ്പർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, ക്ലാസ്സ്- I,II,III വിഭാഗങ്ങളിൽപ്പെടുന്ന സർവ്വീസ് സഹകരണ ബാങ്കുകൾ Money Transfer സംവിധാനം നടപ്പിലാക്കുന്നതിന് അനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് തന്നെ അനുമതി നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

**ഒപ്പ്**
**കെ. വി. സുരേഷ്ബാബു**
**സഹകരണ സംഘം രജിസ്ട്രാറുടെ**
**ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**